പതിമൂന്നാം കേരള നിയമസഭ .
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7614 — 23.07.2012 ൽ മറുപടിക്ക്

## ആധാർ രജിസ്ട്രേഷൻ സമയത്ത് അപേക്ഷകനിൽ നിന്നും ശേഖരിക്കുന്ന ബയോമെട്രിക് വിവരങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആധാർ കാർഡിനായി ഇതുവരെ എത്ര പേർ എൻറോൾ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ; | എ) | ആകെ 144 ലക്ഷം പേർ. ഇതിൽ 92 ലക്ഷം പേർ സംസ്ഥാന രജിസ്ട്രാർ മുഖേന എൻറോൾ ചെയ്തതും 52 ലക്ഷം പേർ മറ്റ രജിസ്ട്രാർ മുഖേന എൻറോൾ ചെയ്തതുമാണ്. |
| (ബി) | ഏറ്റവും കൂടുതൽ അപേക്ഷകർ എൻറോൾ ചെയ്തത് ഏതെല്ലാം ജില്ലകളിലാണ്; | ബി) | കോഴിക്കോട്, മലപ്പുറം, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ. |
| (സി) | എന്തെല്ലാം ക്ഷേമ പദ്ധതികളാണ് ആധാർ രജിസ്ട്രേഷന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | സി) | 1. സർക്കാരിന്റെ വിവിധ ക്ഷേമ പെൻഷനുകൾ ആധാർ നമ്പരുമായി ബന്ധപ്പെടുത്തിയ ബാങ്ക് അക്കൗണ്ട് നമ്പർ വഴി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിധവാ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ തുടങ്ങിയവ ഉദാഹരണങ്ങളാണ്.<br>2. മണ്ണെണ്ണ, ഗ്യാസ് തുടങ്ങിയവയുടെ സബ്സിഡിയുടെ വിതരണം ആധാർ നമ്പരുമായി ബന്ധപ്പെടുത്തിയ ബാങ്ക് അക്കൗണ്ട് വഴിയായിരിക്കും ഭാവിയിൽ ലഭ്യമാക്കുക. നെയ്യാറ്റിൻകര താലൂക്കിലും കൊച്ചി കോർപ്പറേഷനിലും പൈലറ്റടിസ്ഥാനത്തിൽ ഇത് നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എന്തെല്ലാം ബയോമെട്രിക് വിവരങ്ങളാണ് ആധാർ രജിസ്ട്രേഷൻ സമയത്ത് അപേക്ഷകനിൽ നിന്നും ശേഖരിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | ഡി) | വ്യക്തിയുടെ ഫോട്ടോ<br>2 കണ്ണിന്റെയും ഐറിസിന്റെ സ്കാൻ<br>10 കൈവിരലുകളുടെയും സ്കാൻ |

Rahul. K. Jaiswal

സെക്ഷൻ ഓഫീസർ

ക